# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :458** **01.12.2015 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ വൈദ്യുത പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) സൗരോർജ്ജ വൈദ്യുത പദ്ധതി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കുമോ; | (എ) സൗരോർജ്ജ വൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി അനെർട്ട് കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ ധന സഹായത്തോടെ 10 മെഗാവാട്ട് ശേഷി ലക്ഷ്യമിടുന്ന 10,000 സൗരഗൃഹ പദ്ധതി, 12 മെഗാവാട്ട് ശേഷി ലക്ഷ്യമിടുന്ന സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.<br>ഇവയ്ക്കു പുറമെ അനെർട്ടിന്റെ മേൽനോട്ടത്തിൽ സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന 363 കിലോ വാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 597 കിലോവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്. പാലക്കാട് ജില്ലയിലെ കുഴൽ മന്ദത്ത് അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും വർക്ക് അവാർഡ് ചെയ്തു കഴിയുകയും ചെയ്തു. ഉപഭോക്താക്കൾ സ്വയം സ്ഥാപിക്കുന്ന സൗരവൈദ്യുത പ്ലാന്റുകൾ കെ.എസ്.ഇ.ബി ശൃംഖലയുമായി ബന്ധിപ്പിച്ചു പ്രവർത്തിപ്പിക്കാൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവു പ്രകാരം അനുവദിക്കുന്നുണ്ട്. ശൃംഖലയുമായി ബന്ധിപ്പിക്കാതെ സൗരപ്ലാന്റുകൾ സ്ഥാപിക്കുവാനും പ്രവർത്തിപ്പിക്കാനും സൗരപ്ലാന്റുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് 1 രൂപ നിരക്കിൽ പ്രോത്സാഹനം നൽകുന്നുണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു. |

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) അനെർട്ട് വഴി നടപ്പിലാക്കുന്ന പദ്ധതികളിലേയ്ക്കായി കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള പട്ടികയിൽ നിന്നും ടെണ്ടർ നടപടിയിലൂടെ നിശ്ചിത യോഗ്യതയുള്ള ഏജൻസികളെ തെരഞ്ഞെടുത്തിട്ടുണ്ട്. പട്ടിക അനുബന്ധം 2 ആയി ചേർക്കുന്നു. കെ.എസ്.ഇ.ബി ലിമിറ്റഡ് നേരിട്ട് ടെണ്ടർ ക്ഷണിച്ചാണ് സ്വന്തം പദ്ധതികൾ നടപ്പിലാക്കുന്നത്

(സി) ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളിൽ പൂർണ്ണമായും സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ സ്ഥാപനങ്ങളിൽ പൂർണ്ണമായി സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കുന്ന ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല.

(ഡി) ഗാർഹിക ഉപഭോക്താക്കൾക്ക് കൂടുതൽ സബ്സിഡി നൽകി സൗരോർജ്ജ വൈദ്യുതീകരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ഡി) മേൽ വിവരിച്ച സബ്സിഡി നിരക്കുകളിൽ വർദ്ധന വരുത്താൻ നിലവിൽ തീരുമാനമില്ല.

സെക്ഷൻ ഓഫീസർ

[illegible] സത്യമാണ്